**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2774** **25-06-2024 - ൽ മറുപടിയ്ക്ക്**

**അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോളനികളെയാണ് അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ 198 ഗ്രാമങ്ങളും 2022-23 സാമ്പത്തിക വർഷത്തിൽ 60 ഗ്രാമങ്ങളും 2023-24 സാമ്പത്തിക വർഷത്തിൽ 62 ഗ്രാമങ്ങളും ഉൾപ്പടെ ആകെ 320 ഗ്രാമങ്ങളെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന കോളനികളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നിർദേശങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (ബി) | MoU ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കേണ്ടതാണെന്നും ഗ്രാമതല കമ്മിറ്റി കൂടിയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ത്രൈമാസ അവലോകനങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രതിമാസ പുരോഗതി വിലയിരുത്തി എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ